# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 246      08.02.2016-ൽ മറുപടിയ്ക്കുണ്ടായിരുന്നത്**

**യു.എ.പി.എ, കാപ്പ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ റ്റി. വി. രാജേഷ്<br>ശ്രീ പി. ശ്രീരാമകൃഷ്ണൻ<br>ശ്രീമതി കെ. കെ. ലതിക | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ്മന്ത്രി) |
| (എ) യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങൾ രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ ഉപയോഗിക്കുന്നത് അവസാനിപ്പിക്കുമോ ; | (എ) യു.എ.പി.എ., കാപ്പ തുടങ്ങിയ നിയമങ്ങൾ രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഈ സർക്കാർ നിലവിലുള്ള ഏതെല്ലാം കൊലപാതക കേസുകളിൽ യു.എ.പി.എ. നിയമം ചുമത്തുകയുണ്ടായിട്ടുണ്ട് ; ഈ സർക്കാരിന്റെ കാലത്തുണ്ടായ കൊലപാതകങ്ങൾ എത്രയാണ് ; ഇതിൽ രാഷ്ട്രീയ കൊലപാതകങ്ങളായി സർക്കാർ കരുതുന്നവ എത്രയാണ് ; ഇവയിൽ ഏതെങ്കിലും കേസിൽ യു.എ.പി.എ ചുമത്തിയിട്ടുണ്ടോ ; ഇവയിൽ ഏതെല്ലാം കേസുകൾ സി.ബി.ഐ.ക്ക് വിടുകയുണ്ടായിട്ടുണ്ട് ; | (ബി) ഈ സർക്കാരിന്റെ കാലയളവിൽ, നിലവിലുള്ള മൂന്നു കൊലപാതക കേസുകളിൽ യു.എ.പി.എ. നിയമം ചുമത്തുകയുണ്ടായി (കതിരൂർ പി. എസ്. ക്രൈം നം. 780/14, കണ്ണവം പി. എസ്. ക്രൈം നം. 165/15, കൊളവല്ലൂർ പി. എസ് ക്രൈം നം. 364/15)<br><br>ഈ സർക്കാരിന്റെ കാലയളവിൽ 1686 കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 29 എണ്ണം രാഷ്ട്രീയ കൊലപാതകം ആയി കണക്കാക്കപ്പെടുന്നു. ഇവയിൽ മൂന്നു കേസുകളിൽ യു.എ.പി.എ നിയമം ചുമത്തുകയുണ്ടായി. അവയിൽ ഒരെണ്ണം സി.ബി.ഐ. യ്ക്ക് വിടുകയുണ്ടായി (കതിരൂർ പി. എസ്. ക്രൈം നം. 780/14). |
| (സി) കൊലപാതക കേസുകൾ സി.ബി.ഐ.ക്ക് വിടുന്നതും, യു.എ.പി.എ ചുമത്തുന്നതും സംബന്ധിച്ച മാനദണ്ഡങ്ങൾ വെളിപ്പെടുത്താമോ ; | (സി) കേസിന്റെ അന്തർ സംസ്ഥാന ബന്ധം കണക്കിലെടുത്തുകൊണ്ട് സർക്കാർതീരുമാന പ്രകാരവും, കോടതി ഉത്തരവുകൾ പ്രകാരവുമാണ് കേസുകൾ സി.ബി.ഐ.യ്ക്ക് വിടുന്നത്. പ്രമാദമായതും കോളിളക്കം സൃഷ്ടിക്കുന്നതുമായ കേസുകൾ സി.ബി.ഐ.യ്ക്ക് വിടാറുണ്ട്. കുറ്റകൃത്യങ്ങളുടെ സ്വഭാവം അനുസരിച്ചും, ദേശവിരുദ്ധ പ്രവർത്തനങ്ങൾ, രാജ്യ സുരക്ഷയെ ബാധിക്കുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങൾ, ഭീകര പ്രവർത്തനങ്ങളുടെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങൾ തുടങ്ങിയ സ്വഭാവങ്ങളിലുള്ള കേസുകളിലും യു.എ. പി.എ. നിയമം ചുമത്തുന്നു. |

| | | | |
|---|---|---|---|
| (ഡി) | യു.എ.പി.എ. കാപ്പ തുടങ്ങിയ നിയമങ്ങൾ രാഷ്ട്രീയപ്രേരിതമായി ദുർവിനിയോഗം ചെയ്യുന്നതായും കേന്ദ്ര - സംസ്ഥാന അന്വേഷണ ഏജൻസികളുടെ മേൽ ഇതിനായി സമ്മർദ്ദം ചെലുത്തുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (ഡി) | ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഈ സർക്കാർ കാപ്പ നിയമപ്രകാരം പുറപ്പെടുവിച്ച എത്ര കരുതൽ തടങ്കൽ/ സഞ്ചലന നിയന്ത്രണ ഉത്തരവുകൾ കോടതി റദ്ദ ചെയ്യുകയുണ്ടായിട്ടുണ്ട് എന്നറിയിക്കുമോ ? | (ഇ) | ഈ സർക്കാരിന്റെ കാലത്ത് കാപ്പ നിയമ പ്രകാരം പുറപ്പെടുവിച്ച 94 കരുതൽ തടങ്കൽ ഉത്തരവുകളും, 21 സഞ്ചലന നിയന്ത്രണ ഉത്തരവുകളും കോടതി റദ്ദ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ